# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 317 — 30.01.2014 ൽ മറുപടിക്ക്

## വിലക്കയറ്റം നിയന്ത്രിക്കുന്നതിനു നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ. എ. കെ. ബാലൻ:<br>ശ്രീ. കെ. കെ. ജയചന്ദ്രൻ:<br>ശ്രീ. രാജു എബ്രഹാം: | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വർദ്ധിച്ചുവരുന്ന വിലക്കയറ്റം നിയന്ത്രിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആയിരത്തിനാനൂറിലധികം കേന്ദ്രങ്ങളിൽ സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ ജനങ്ങൾ നിരാഹാര സമരത്തിലേർപ്പെട്ടിരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ജനങ്ങളുടെ ജീവൽ പ്രശ്നത്തെ മുൻനിർത്തി നടക്കുന്ന ജനകീയസമരത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (ബി) വിലക്കയറ്റം തടയുന്നതിന് ഏറ്റവും മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ എ.എ.വൈ./ബി.പി.എൽ. കാർഡുടമകൾക്കുള്ള അരി വിഹിതം യഥാക്രമം 35 കി.ഗ്രാം /25 കി.ഗ്രാം എന്ന ക്രമത്തിൽ നൽകുന്നുണ്ട്. പെട്രോൾ, ഡീസൽ വില വർദ്ധനയുണ്ടായപ്പോൾ അധിക വിൽപ്പന നികുതി ഒഴിവാക്കി. ഗ്യാസിന് സബ്സിഡി തുകയ്ക്കുള്ള VAT ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമെ വിപണി ഇടപെടലിലൂടെ വിവിധ നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കാൻ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (സി) വിലക്കയറ്റത്തിനിടയാക്കിയ കേന്ദ്ര സർക്കാരിന്റെ നയങ്ങളിൽ മാറ്റം വരുത്താൻ | (സി) കേന്ദ്ര സർക്കാർ ഭക്ഷ്യ സുരക്ഷാ നിയമമടക്കം നിരവധി നടപടികൾ വിലക്കയറ്റം തടയാൻ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം നടപടികളിൽ സംസ്ഥാന സർക്കാർ കേന്ദ്ര മന്ത്രിമാരുമായി ചർച്ച നടത്തിയിട്ടുണ്ട്. |

സംസ്ഥാനസർക്കാർ ഏതെല്ലാം നിലയിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി; കേന്ദ്ര ഭക്ഷ്യമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാരുമായി ആശയവിനിമയം നടത്തുകയുണ്ടായോ;

(ഡി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനസർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) വിപണിയിലുണ്ടാകുന്ന വില വർദ്ധനവിൽ നിന്നും സാധാരണ ജനങ്ങളെ സംരക്ഷിക്കുന്നതിനായി പൊതുവിതരണ ശൃംഖലവഴി കുറഞ്ഞവിലയ്ക്ക് ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും നൽകിവരുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് പ്രതിമാസം 25 കി.ഗ്രാം അരി കിലോഗ്രാമിന് 1 രൂപ നിരക്കിലും, 5 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും നൽകിവരുന്നു. എ.പി.എൽ. കാർഡുടമകൾക്ക് 10 കി.ഗ്രാം അരി കിലോഗ്രാമിന് 8.90 രൂപ നിരക്കിലും, 2 കി.ഗ്രാം ആട്ട കാർഡൊന്നിന് 12 രൂപ നിരക്കിലും നൽകുന്നു. എ.പി.എൽ വിഭാഗത്തിൽപ്പെട്ട രണ്ട് രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കി.ഗ്രാം അരി കിലോഗ്രാമിന് 2 രൂപ നിരക്കിൽ നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. ബി.പി.എൽ/എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ നൽകുന്നു. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് വില വർദ്ധിപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെയും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെയും സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെയും നേതൃത്വത്തിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഉത്സവസീസണോടനുബന്ധിച്ച് പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തുന്നു. സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾ, പീപ്പിൾസ് ബസാറുകൾ, സൂപ്പർ മാർക്കറ്റുകൾ മുഖേന ന്യായവിലയ്ക്ക് അരിയും മറ്റ് അവശ്യവസ്തുക്കളും വിതരണം ചെയ്യുന്നു. ഇവയെല്ലാം തന്നെ വിലക്കയറ്റത്തെ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സഹായക

മായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | ഉപഭോക്തൃസംസ്ഥാന മെന്ന നിലയിൽ വിലക്കയറ്റം നേരിടാൻ കേന്ദ്രം പ്രത്യേകസഹായം അനുവദിച്ചിട്ടുണ്ടോ; ഇതിനായി സർക്കാർ മുന്നോട്ടു വെച്ച ആവശ്യം എന്തായിരുന്നു? | (ഇ) | കാലാകാലങ്ങളിൽ വിഹിതം വർദ്ധിപ്പിച്ച് തരുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാറുണ്ട്. 2013-14 സാമ്പത്തിക വർഷം സാധാരണ ലഭിക്കുന്ന വിഹിതത്തിനു പുറമെ വിലക്കയറ്റം നേരിടാൻ 2013 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 2000 മെ.ടൺ അരിയും, 500 മെ.ടൺ ഗോതമ്പും, ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം (ഒ.എം.എസ്.എസ്.) നിരക്കിൽ കേന്ദ്രം അനുവദിച്ചു. ഓണം സ്പെഷ്യലായി 2013 ആഗസ്റ്റ് മാസം 63259 മെ.ടൺ അരിയും 37450 മെ.ടൺ ഗോതമ്പും ഒ.എം.എസ്.എസ്. നിരക്കിൽ അനുവദിച്ചു. ക്രിസ്തുമസ് സ്പെഷ്യലായി 30750 മെ.ടൺ അരിയും 36900 മെ.ടൺ ഗോതമ്പും മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി.) നിരക്കിൽ അനുവദിച്ചു. ഇതു കൂടാതെ 2014 ജനുവരി, ഫെബ്രുവരി മാസങ്ങളിലേയ്ക്കായി 17024 മെ.ടൺ ഗോതമ്പും എം.എസ്.പി. നിരക്കിൽ അനുവദിച്ചു. |

Beena

**സെക്ഷൻ ഓഫീസർ**